പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം,

ഹയർ സെക്കൻററി വിഭാഗം,

ജഗതി,തിരുവനന്തപുരം-14

നം.ICT Cell/1771/DGE-HSE/2025 09/01/2025

**സർക്കുലർ**

സൂചന: 1) **GO(Rt).No.3015/2024/G.EdnDated Thiruvanaanthapuram 08/05/2024**

**2) GO(Rt).No.5693/08/G.EdnDated Thiruvanaanthapuram 03/12/2008**

**2024-2025 അധ്യയന വർഷത്തെ ട്രഷറി ഇടപാടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്-സർക്കാർ എയ്ഡഡ് ,അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന 1 സർക്കാർ ഉത്തരവു പ്രകാരം 2024-2025 അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനായുള്ള പ്രോസ്പക്ട്സ് അംഗീകരിക്കുകയുണ്ടായി.

2024-2025 അഡ്മിഷനുമായി ബന്ധപ്പെട്ട് അപേക്ഷാ രജിസ്ട്രേഷൻ ഫീസ് (25 രൂപ) ഉൾപ്പടെ പൊതു ഖജനാവിൽ ഒടുക്കുന്ന ഫീസും ,പൊതു ഖജനാവിൽ ഒടുക്കുന്ന മറ്റ് ഫീസിനത്തിലൂടെയും (പരീക്ഷ ,മറ്റിനങ്ങൾ) ലഭിക്കുന്ന തുകയുടെ ട്രഷറി ഇടപാടുകൾ, അഡ്മിഷൻ വെബ്സൈറ്റായ https://www.hscap.kerala.gov.in ലെ അഡ്മിൻ യൂസറിൽ ലഭ്യമാക്കിയിട്ടുള്ള Treasury Transaction Module ൽ കൂടി 2025 ജനുവരി 21 ന് വൈകിട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കുവാൻ എല്ലാ പ്രിൻസിപ്പൽമാരും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ ക്വാട്ടകളിൽ(മെറിറ്റ് /മാനേജ്മെൻറ് /കമ്മ്യൂണിറ്റി /അൺ-എയ്ഡഡ്) പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളിൽ നിന്നും (പട്ടിക ജാതി /പട്ടിക വർഗ്ഗം /ഒ.ഇ.സി വിഭാഗങ്ങൾ ഉൾപ്പടെ) അപേക്ഷാ രജിസ്ടേഷൻ ഫീസിനത്തിൽ 25 രൂപ ഉൾപ്പടെ ജനറൽ റവന്യൂവിൽ അടച്ച ഫീസ് വിവരങ്ങളാണ് ട്രഷറിയിൽ അടച്ച തീയതിയുടെ ആരോഹണ ക്രമത്തിൽ രേഖപ്പെടുത്തേണ്ടത്. ഒരേ തീയതിയിൽ ഇടപാടുകൾക്ക് ഒന്നിൽ കൂടുതൽ ചെല്ലാൻ ഉണ്ടെങ്കിൽ അവ ഒറ്റ ഫയലായി സ്കാൻ ചെയ്ത് വേണം അപ്ലോഡ് ചെയ്യേണ്ടത്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ